നമ്പർ.എ1/60000/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി : 17 -1-2019

## സർക്കുലർ - II

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2018-19 അധ്യയന വർഷത്തെ ഓൺലൈൻ മുഖേനയുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) 03/12/2018 ലെ ഇതേ നമ്പർ സർക്കുലർ
2) സർ.കത്ത് നം.ജെ3/5/2019/പൊ.വി.വ., തീയതി: 16/1/19

2018 - 2019 അധ്യയന വർഷം സർക്കാർ സ്കൂൾ അധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന് സൂചന (1) സർക്കുലർ പ്രകാരം അപേക്ഷകൾ സ്വീകരിച്ചിരുന്നു. എന്നാൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന അധ്യാപകർക്ക് അന്തർ ജില്ല സ്ഥലമാറ്റത്തിന് അപേക്ഷിക്കാൻ അനുവാദമില്ല എന്ന് പരാമർശിച്ചിരുന്നു. എന്നാൽ സൂചന (2) പ്രകാരമുള്ള സർക്കാർ കത്ത് പ്രകാരം ഇപ്പോൾ ഡപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന അധ്യാപകർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും, എന്നാൽ ഡപ്യൂട്ടേഷൻ കാലയളവ് സ്ഥലംമാറ്റത്തിന് വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല എന്നും ഭേദഗതി വരുത്തിയിരിക്കുന്നു.

മേൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏത് ജില്ലയിൽ നിന്നാണോ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരിഗണിക്കപ്പെട്ടത് ടി ജില്ലയിൽ നിലവിലെ തസ്തികയിൽ 5 വർഷം (ഡപ്യൂട്ടേഷൻ കാലയളവ് ഒഴികെ)പൂർത്തിയായ അധ്യാപകർക്ക് മാത്രം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ മാസം 18/01/2019 മുതൽ 21/01/2019 5 മണി വരെ 4 ദിവസം ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് മാത്രം ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷകൾ സ്കൂൾ തലത്തിലും, ജില്ലാ ഉപജില്ലാ തലത്തിലും 23/01/2019 ന് മുമ്പായി പരിശോധിക്കേണ്ടതാണ്. ടി അപേക്ഷ പരിശോധിക്കുമ്പോൾ അപേക്ഷയുടെ തീയതി പരിശോധിക്കുകയും അപേക്ഷ നൽകിയത് ഡപ്യൂട്ടേൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന അധ്യാപകനാണ് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. മറ്റ് നിബന്ധനകൾക്ക് മാറ്റമില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
(ഇൻ- ചാർജ്ജ്)

സ്വീകർത്താക്കൾ:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2) എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം — അപേക്ഷ സമർപ്പിക്കുന്നതിലേക്കായി 18/1/2019 മുതൽ 21/1/19 വരെ വെബ്സൈറ്റ് ഓപ്പൺ ചെയ്ത് നൽകാൻ നിർദ്ദേശിക്കുന്നു.

3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

4) എല്ലാ പ്രധാനാധ്യാപകർക്കും

5) എ3,എ5,എ6 സെക്ഷൻ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

6) കരുതൽ ഫയൽ

എ.ആർ